പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2297
07.02.2019-ലെ മറുപടിയ്ക്ക്

പഞ്ചിംഗ്സംവിധാനം സ്പാർകുമായി ബന്ധിപ്പിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | മറുപടി<br>ഡോ.തോമസ് ഐസക്<br>ബഹു:ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്പാർകുമായി ബന്ധിപ്പിച്ചുള്ള പഞ്ചിംഗ് സംവിധാനം സംസ്ഥാനം ഒട്ടാകെയുള്ള സ്ഥാപനങ്ങളിൽനടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;<br><br>ബി) സർക്കാർ ശമ്പളവും ഗ്രാന്റും വാങ്ങുന്ന എയിഡഡ് സ്കൂളുകൾ ,കോളേജുകൾ എന്നിവിടങ്ങളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ? | സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയേറ്റിൽ 01.01.2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്.കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും /വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1 നകവും സർക്കാർ ഗ്രാന്റൊടുകൂടി പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിൽ ഡിസംബർ 31നകവും സ്ഥാപിച്ചു നടപ്പിൽ വരുത്തുവാൻ 18.05.2018 ലെ സ.ഉ(കൈ)നം.108/2018/പോഭവ പ്രകാരം പൊതുഭരണ (ഏകോപനം)വകുപ്പിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .ആയതു നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

5/2/19

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ , ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ)നം. 108/2018/പൊഭവ. തീയതി, തിരുവനന്തപുരം, 18-05-2018

പരാമർശം- സ.ഉ(എം.എസ്) 315/10/പൊഭവ, തീയതി 13/09/2010

**ഉത്തരവ്**

ഭരണനവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ബയോമെട്രിക്ക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2018 ജനുവരി 1 മുതൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് സിസ്റ്റം കർശനമാക്കുകയും ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനത്തെ എല്ലാ സർക്കാർ , അർദ്ധ സർക്കാർ, സ്വയംഭരണ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലും താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

1) സ്പാർക്ക് മുഖേന ശമ്പളം ലഭിക്കുന്ന എല്ലാ സർക്കാർ ഓഫീസുകളിലും, വിദ്യഭ്യാസ സ്ഥാപനങ്ങളിലും 2018 ഒക്ടോബർ 1 നകം ബയോമെട്രിക്ക് പഞ്ചിംഗ് സിസ്റ്റം കർശനമായി നടപ്പിലാക്കി ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കേണ്ടതാണ്.

2) ഓരോ വകുപ്പിലും വകുപ്പിനു കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം കൃത്യമായി നടപ്പിലാക്കേണ്ട പൂർണ്ണ ചുമതല അതാത് വകുപ്പ് സെക്രട്ടറിക്കും, വകുപ്പു മേധാവിക്കുമായിരിക്കുന്നതാണ്.

3) ശമ്പള വിതരണ സോഫ്റ്റ് വെയറായ സ്പാർക്കിൽ ജീവനക്കാരുടെ അവധികൾ, ഔദ്യോഗിക യാത്ര, കോമ്പൻസേറ്ററി ഓഫ്, ഷിഫ്റ്റ് തുടങ്ങി എല്ലാ കാര്യങ്ങളും രേഖപ്പെടുത്തുന്നതിന് പ്രത്യേകം പ്രത്യേകം മോഡ്യൂളുകൾ വികസിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഉപയോഗക്രമം സംബന്ധിച്ച മാർഗ്ഗരേഖ ലഭ്യമാക്കുന്നതാണ്.

4) നിലവിൽ സ്പാർക്കു വഴി ശമ്പളം വാങ്ങുന്ന എല്ലാ ജീവനക്കാരുടെയും പഞ്ചിംഗ് സ്പാർക്കുമായി ബന്ധപ്പെടുത്താവുന്ന തരത്തിലുള്ള ഹാർഡ് വെയറും, സോഫ്റ്റ് വെയറുമാണ് ഉപയോഗിക്കേണ്ടത്. ഹാർഡ് വെയർ സംബന്ധിച്ച് കെൽട്രോണിനെയും (The Head (SSG) Kerala State Electronics Development Corporation Ltd (KELTRON), Karakulam, Thiruvananthapuram Phone:-0472-2888457) സോഫ്റ്റ് വെയർ സംബന്ധിച്ച സംശയങ്ങൾക്ക് സ്പാർക്ക് മാനേജരുമായി ബന്ധപ്പെടാവുന്നതാണ്.

5) പുതിയതായി സ്ഥാപിക്കുന്ന പഞ്ചിംഗ് മെഷീനുകൾ ഭാവിയിൽ ആധാറുമായി ബന്ധപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ളതായിരിക്കണം (സെക്രട്ടറിയേറ്റിലെ പഞ്ചിംഗ് മെഷീനുകൾ, സോഫ്റ്റ് വെയർ എന്നിവ മാതൃകയാക്കാവുന്നതാണ്)

6) ബയോമെട്രിക്ക് സംവിധാനത്തിൽ എല്ലാത്തരം സ്ഥിരം ജീവനക്കാരെയും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്

രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്,
തൃശൂർ- 680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ്
ഓഫീസ്, വയനാട്
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്,
കൊച്ചി
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

5/2/18